**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1688** **05-07-2022 - ൽ മറുപടിയ്ക്ക്**

**വിദൂര വിദ്യാഭ്യാസ വിഭാഗം, പ്രൈവറ്റ് രജിസ്ട്രേഷൻ തുടങ്ങിയവ വഴി ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | വിദൂര വിദ്യാഭ്യാസ വിഭാഗം, പ്രൈവറ്റ് രജിസ്ട്രേഷൻ തുടങ്ങിയവ വഴി കേരള, കാലിക്കറ്റ്, എം.ജി., കണ്ണൂർ സർവ്വകലാശാലകളിൽ ഈ വർഷം ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പ്രവേശനം നടത്തരുതെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | 09.06.2022 തീയതിയിലെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ സർക്കുലർ അനുസരിച്ച് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് UGC യുടെ DEB യിൽ നിന്ന് 2022-23 അധ്യയന വർഷം മുതൽ വിദൂരവിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ല എങ്കിൽ മാത്രം ഈ വർഷം വിദൂരവിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ് സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതാണ് എന്നും ഇത് സംബന്ധിച്ച തുടർ സർക്കാർ നിർദ്ദേശം വരുന്നതുവരെ വിദൂരവിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിക്കാൻ പാടുള്ളതല്ല എന്നും സർവ്വകലാശാലകളെ അറിയിച്ചിട്ടുണ്ട്. |
| (ബി) | ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ കോഴ്സുകൾക്ക് യു.ജി.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ഇതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (ബി) | ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് 2021 ൽ തന്നെ യു.ജി.സി. ആക്ട് 1956, സെക്ഷൻ 2(f) ൽ ഉൾപ്പെടുത്തി ഓപ്പൺ ഡിസ്റ്റൻസ് ലേർണിംഗ് രീതികളിലൂടെ (ODL) പ്രവർത്തിക്കാനുള്ള അനുമതി യു.ജി.സി.യിൽ നിന്നും ലഭിച്ചിട്ടുണ്ട്. (Order F No.9-17/2020(CPP-I/PU), dated 07.05.2021). 12 യു.ജി. കോഴ്സുകളും 5 പി.ജി. കോഴ്സുകളും ഈ വർഷം തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ODL സമ്പ്രദായത്തിൽ ഓരോ കോഴ്സിനും പ്രത്യേകം യു.ജി.സി. അനുമതി ആവശ്യമായതിനാൽ ഇതിനു വേണ്ട രേഖകൾ മുഴുവനും യു.ജി.സി-ക്ക് സമർപ്പിച്ചിട്ടുണ്ട്. യു.ജി.സിയുടെ അനുമതി ഈ അക്കാദമിക വർഷം മുതൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. യു.ജി.സി. അനുമതി കിട്ടിയാൽ |

| | | | |
|---|---|---|---|
| | | | 2022-23 അക്കാദമിക വർഷം ഈ കോഴ്സുകളിലേക്ക് പ്രവേശനം നടത്താൻ കഴിയും.<br><br>ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയിൽ യു.ജി.സിയുടെ DEB ൽ നിന്നും 2022-23 അധ്യയന വർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ല എങ്കിൽ ഈ വർഷം വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ് സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതാണ്. |
| (സി) | ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ പ്രൈവറ്റ് രജിസ്ട്രേഷനും വിദൂരവിദ്യാഭ്യാസം മൂലമുള്ള പഠനവും ഒഴിവാക്കുന്നത് നിരവധി വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനുള്ള അവസരം നിഷേധിക്കുകയും കടുത്ത പ്രതിസന്ധി സൃഷ്ടിക്കുകയും ചെയ്യുമെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ മേൽപ്പറഞ്ഞ ഉത്തരവ് പിൻവലിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (സി) | (ബി)-യിൽ നൽകിയിട്ടുണ്ട്. |
| (ഡി) | പ്രൈവറ്റ് രജിസ്ട്രേഷൻ ഒഴിവാക്കുവാൻ ശ്രമിച്ചത് മൂലം ഉന്നത വിദ്യാഭ്യാസമേഖലയിൽ കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായ പ്രതിസന്ധികൾ കൂടി പരിഗണിച്ചുകൊണ്ട് ഓപ്പൺ സർവകലാശാലയിലെ കോഴ്സുകൾക്ക് ഒപ്പം പ്രൈവറ്റ് രജിസ്ട്രേഷനും തുടരുന്നതിന് അനുമതി നൽകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പ്രൈവറ്റ് രജിസ്ട്രേഷൻ ഒഴിവാക്കിയതു മൂലം ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രതിസന്ധി ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ